Kaumudi CLASSIFIEDS
കുറഞ്ഞനിരക്കിൽ കൂടുതൽനേട്ടം.

SRI SAI CARGO PACKERS & MOVERS
നിങ്ങളുടെ വീട്ടുസാധനങ്ങൾ പായ്ക്കുചെയ്ത് ഇൻഷുറൻസോടെയും കാറുകൾ Car Carrier വഴിയും ഇന്ത്യയിൽ എവിടെയും എത്തിക്കുന്നതിനും കേരളത്തിൽ നിന്നും കൊണ്ടുവരുന്നതിനും ബന്ധപ്പെടുക. **19, Punit Corner, Sector-26, Vashi, Navi Mumbai. Tel:2784 2689, 32596519, 27570648. Mob.: 9323186495, 9702765900.** കണ്ണൂർ, തൃശൂർ, എറണാകുളം, കൊല്ലം, ചെന്നൈ, ബാംഗ്ളൂർ, ഡൽഹി.

REQUIRED URGENTLY
Required urgently following staff. **Civil Engineer, Civil Supervisor, Electrician** (PWD License holder), **AC Mechanic, Plumber. Contact: 9757448446, 9820111354.**

www.snehitha.net
സ്നേഹിത
സ്ത്രീകളുടെ മാത്രം

MANGALA CARGO CORPN.
Packers & Movers
നിങ്ങളുടെ വീട്ടുസാധനങ്ങളും കച്ചവട സാമഗ്രികളും പായ്ക്ക് ചെയ്ത് ഇൻഷുറൻസോടുകൂടി ഇന്ത്യയിലെവിടെയും എത്തിക്കുന്നതിനും തിരികെ കൊണ്ടുവരുന്നതിനും പായ്ക്കിംഗ് പ്രൊഫഷണലായ ഞങ്ങളെ സമീപിക്കുക.
Plot No. 233, Sector 26 A, Vashi, New Mumbai.
Phone: 27831608, Mob.: 9323186882, 9821222065, Dombivli: 0251-2822044
E-mail: mangala.cargocorp@rediffmail.com
Branches: Kannur, Calicut, Trichur, Ernakulam, Kottayam, Kollam, Trivandrum.

JAYA KERALA
Cargo Movers
Household Packers & Movers
M: 9819724561, 9820934838, 9323548003, 9223382781
Plot No. 48, 49, Unit No.2, `Gokul Mani' Sector-19A. Vashi. Ph. 64521527.Dombivili- 0251-2822096.
നിങ്ങളുടെ വീട്ടുസാധനങ്ങൾ, കച്ചവടസാമഗ്രികൾ എന്നിവ പായ്ക്കുചെയ്ത് ഇൻഷ്വർ ചെയ്ത് സുരക്ഷിതമായി കേരളത്തിന്റെ ഏതു ഭാഗത്തേക്കും എത്തിച്ചുകൊടുക്കുന്നതിനും തിരികെ കൊണ്ടുവരുന്നതിനും
Email: vkgopinathannair@gmail.com
N.B.കാറുകൾ കണ്ടെയ്നറുകൾ വഴി സുരക്ഷിതമായി ഉത്തരവാദിത്വത്തോടുകൂടി കേരളത്തിലെവിടെയും എത്തിച്ചുകൊടുക്കുന്നു.

ക്രൂഡോയിൽ വില 82 ഡോളർ കവിഞ്ഞു എണ്ണവില വർദ്ധനയ്ക്ക് കമ്പനികളുടെ സമ്മർദ്ദം മുറുകുന്നു

മുംബയ് : രാജ്യാന്തര തലത്തിൽ ഡോളറിന്റെ മൂല്യം ഇടിഞ്ഞതും അമേരിക്കൻ സാമ്പത്തിക മേഖലയിലെ അനുകൂല ചലനങ്ങളും ക്രൂഡോയിൽ വിലയിൽ വീണ്ടും കുതിപ്പുണ്ടാക്കി. ന്യൂയോർക്ക് മർക്കന്റയിൽ എക്സ്ചേഞ്ചിൽ ക്രൂഡോയിൽ മാർച്ച് അവധി വില ഇന്നലെ ബാരലിന് 82 ഡോളറിന് മുകളിലെത്തി. കഴിഞ്ഞ ജനുവരി 12ന് ശേഷം ഇതാദ്യമായാണ് ക്രൂഡോയിൽ വില ഇത്രയേറെ ഉയരുന്നത്. അമേരിക്കയിൽ ഊർജ്ജ ഉപഭോഗം ഗണ്യമായി വർധിക്കുന്നതിനാൽ അടുത്ത ദിവസങ്ങളിൽ എണ്ണ വില ഇനിയും കൂടുമെന്നാണ് വിലയിരുത്തൽ. ഇതോടെ ഇന്ത്യയിലും പെട്രോളിയം ഉത്പന്നങ്ങളുടെ വില വർധിപ്പിക്കണമെന്ന ആവശ്യവുമായി എണ്ണ കമ്പനികൾ രംഗത്തെത്തി. കഴിഞ്ഞ ദിവസം പ്രണാബ് മുഖർജി അവതരിപ്പിച്ച ബഡ്ജറ്റിൽ പെട്രോൾ, ഡീസൽ വില വർധിപ്പിച്ചിരുന്നെങ്കിലും ഇതിന്റെ ഗുണം എണ്ണ കമ്പനികൾക്ക് ലഭിച്ചിരുന്നില്ല. എക്സൈസ്, കസ്റ്റംസ് തീരുവ ഉയർത്തിയതു മൂലമുള്ള സാമ്പത്തിക നേട്ടം സർക്കാരിനാണ് ലഭിക്കുക. കമ്പനികളുടെ നഷ്ടം പെരുകാതിരിക്കാൻ വിപണി വില നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം വേണമെന്നാണ് കമ്പനികളുടെ നിലപാട്.

എസ്. ബി. ഐയിലെ ഓഹരി പങ്കാളിത്തം കേന്ദ്രസർക്കാർ 51 ശതമാനമായി കുറയ്ക്കുന്നു

മുംബയ് : രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഒഫ് ഇന്ത്യയിലെ കേന്ദ്രസർക്കാരിന്റെ ഓഹരി പങ്കാളിത്തം 51 ശതമാനമായി കുറയ്ക്കാൻ നിയമഭേദഗതി കൊണ്ടുവരുന്നു. ഇപ്പോഴത്തെ നിയമം അനുസരിച്ച് എസ്. ബി. ഐയിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം പരമാവധി 55 ശതമാനം വരെ കുറയ്ക്കാൻ മാത്രമേകഴിയൂ.

നിലവിൽ എസ്. ബി. ഐയിൽ സർക്കാരിന് 59.41 ശതമാനം ഓഹരികളുണ്ട്. ഓഹരി വിറ്റഴിക്കൽ വഴി എസ്. ബി. ഐയുടെ മൂലധനമായി 5640 കോടി രൂപ സമാഹരിക്കുന്നതിനായാണ് നിയമ ഭേദഗതി കൊണ്ടുവരുന്നത്.

പ്രാരംഭ ഓഹരി വിൽപ്പന, പ്രൈവറ്റ് പ്ളേസ്മെന്റ് എന്നിവ വഴി അധിക മൂലധനം സമാഹരിക്കുന്നതിനായി സർക്കാരിന്റെ ഓഹരി പങ്കാളിത്തം 51 ശതമാനമായി കുറയ്ക്കാനാവുന്ന നിയമഭേദഗതിക്കുള്ള ബിൽ ധനമന്ത്രി പ്രണാബ് മുഖർജി ഇന്നലെ പാർലമെന്റിൽ അവതരിപ്പിച്ചു.

സർക്കാരുമായുള്ള തർക്കം തീർക്കാൻ ചർച്ചയ്ക്ക് തയ്യാറെന്ന് ടാറ്റ ഗ്രൂപ്പ്

കൊച്ചി: കേരള സർക്കാരുമായുള്ള തർക്കങ്ങൾ മധ്യസ്ഥരുടെ സാന്നിധ്യത്തിൽ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് തയ്യാറാണെന്ന് കണ്ണൻദേവൻ ഹിൽസ് പ്ളാന്റേഷൻ കമ്പനി വ്യക്തമാക്കി. ടാറ്റ ഭൂമി കൈയേറിയെന്ന പ്രചാരണം ഇടയ്ക്കിടെ ഉയർത്തിക്കൊണ്ടുവരുന്നതുകൊണ്ട് ആർക്കും ഒരു പ്രയോജനവുമില്ലെന്ന് കേരളകൗമുദിക്ക് അനുവദിച്ച പ്രത്യേക അഭിമുഖത്തിൽ കണ്ണൻദേവൻ ഹിൽസ് ഡയറക്ടർ ടി. വി. അലക്സാണ്ടർ പറഞ്ഞു. ഇത്തരത്തിൽ തർക്കം നീട്ടിക്കൊണ്ടുപോകാതെ പരിഹരിക്കുകയാണ് വേണ്ടത്.

മൂന്നാറിൽ ഒരിഞ്ച് ഭൂമി പോലും ടാറ്റ കൈയേറിയിട്ടില്ല. സർക്കാരിനും ചെറിയ കച്ചവടക്കാർക്കും വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി മാത്രമാണ് ഭൂമി കൈമാറിയിട്ടുള്ളത്. കണ്ണൻ ദേവൻ കമ്പനിയുടെ വിശ്വാസ്യതയെക്കുറിച്ച് ബോധ്യമുണ്ടായിട്ടും അനാവശ്യ വിവാദങ്ങൾ ഉയർത്തി പുകമറ സൃഷ്ടിക്കുകയാണെന്ന് അലക്സാണ്ടർ ആരോപിച്ചു.

മാദ്ധ്യമങ്ങളും രാഷ്ട്രീയ കക്ഷികളും ആരോപിക്കുന്നതുപോലെ ടാറ്റ ഗ്രൂപ്പും സംസ്ഥാന സർക്കാരുമായുള്ള പ്രശ്നമല്ലിതെന്നും അലക്സാണ്ടർ പറഞ്ഞു. കണ്ണൻ ദേവൻ ഹിൽസ് പ്ളാന്റേഷൻ കമ്പനിക്കാണ് മൂന്നാറിലെ ഭൂമിയുടെ ഉടമസ്ഥാവകാശം. ടാറ്റ ഗ്രൂപ്പിന് 18 ശതമാനം ഓഹരികൾ മാത്രമാണ് കമ്പനിയിലുള്ളത്. 13,000ത്തിലധികം തൊഴിലാളികൾക്ക് ഓഹരി പങ്കാളിത്തമുള്ള കണ്ണൻദേവൻ പ്ളാന്റേഷൻസിന്റെ ഡയറക്ടർ ബോർഡിൽ രണ്ട് തൊഴിലാളികളുമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അതിനാലാണ് കമ്പനിക്കെതിരെ ഇത്രയും വലിയ ആക്രമണമുണ്ടായിട്ടും തൊഴിലാളികൾ ഒപ്പം നിന്നത്. ടാറ്റ ഗ്രൂപ്പ് 58,000 ഏക്കർ ഭൂമി കൈയേറിയെന്ന് വസ്തുതാപരമായ പഠനമൊന്നും നടത്താതെ നിയമസഭാ സമിതിയാണ് ആദ്യം ആരോപിച്ചത്.

കണ്ണൻ ദേവൻ ഹിൽസ് പ്ളാന്റേഷൻ ലിമിറ്റഡും കേരള സർക്കാരുമായുള്ള വിഷയമാണിത്. തൊഴിലാളികൾക്ക് കൂടി പങ്കാളിത്തമുള്ള കമ്പനിയെക്കുറിച്ച് അവാസ്തവമായ ആരോപണങ്ങൾ ഉന്നയിച്ചത് ഒഴിവാക്കാമായിരുന്നു.

ടി. വി. അലക്സാണ്ടർ
മാനേജിംഗ് ഡയറക്ടർ
കണ്ണൻ ദേവൻ പ്ളാന്റേഷൻ

അതിനുശേഷം കമ്പനിയുടെ കൈവശമുള്ള സ്ഥലത്ത് നാലു സർവേകൾ നടത്തിയിട്ടും ഇതിന്റെ ഫലം പ്രസിദ്ധീകരിക്കാത്തതെന്തുകൊണ്ടാണെന്ന് അലക്സാണ്ടർ ചോദിച്ചു. മൂന്നാർ മലനിരകളുടെ പച്ചപ്പ് ഇപ്പോഴും നിലനിൽക്കുന്നതിന് കാരണം ടാറ്റ ഗ്രൂപ്പിന് ഭൂരിപക്ഷ ഓഹരി പങ്കാളിത്തമുള്ള കമ്പനി അവിടെ പ്രവർത്തിക്കുന്നതാണെന്നും അദ്ദേഹം അവകാശപ്പെട്ടു.

സംസ്ഥാനത്ത് ഇത്രയേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കണ്ണൻദേവൻ പ്ളാന്റേഷനെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കാനുള്ള ബാധ്യത സർക്കാരിനുണ്ട്.

ഇത്തരത്തിലുള്ള തർക്കങ്ങൾ തുടർച്ചയായി ഉയർത്തുന്നത് ജീവനക്കാരുടെ കാര്യക്ഷമതയെയും ബാധിക്കാനിടയുണ്ട്- അലക്സാണ്ടർ പറഞ്ഞു.

എൽ. ഐ. സി വെൽത്ത് പ്ളസ് തരംഗമാകുന്നു

ചെന്നൈ: നിക്ഷേപകർക്ക് പരമാവധി വരുമാനവും മികച്ച ആനുകൂല്യങ്ങളും ഉൾപ്പെടെയുള്ള നിരവധി പുതിയ സവിശേഷതകളുമായി ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ (എൽ. ഐ. സി) അവതരിപ്പിച്ച വെൽത്ത് പ്ളസ് പദ്ധതി വൻ വിജയം നേടുന്നു. വിപണിയിലെ പ്രതികൂല സാഹചര്യങ്ങൾക്കിടയിലും നിക്ഷേപകർ മികച്ച സുരക്ഷിതത്വം വാഗ്ദാനം ചെയ്യുന്ന യൂണിറ്റ് ബന്ധിത ഇൻഷ്വറൻസ് പദ്ധതിയാണിത്.

പോളിസിയുടെ ആദ്യ ഏഴ് വർഷ കാലയളവിൽ ഉപഭോക്താവിന് ലഭിക്കുന്ന ഏറ്റവും ഉയർന്ന അറ്റ ആസ്തി മൂല്യം പരമാവധി പത്ത് രൂപയെന്ന നിബന്ധനയോടെ ഉറപ്പു വരുത്തുന്നുവെന്നതാണ് പദ്ധതിയുടെ പ്രത്യേകത. എട്ടുവർഷമാണ് പദ്ധതി കാലാവധി. പോളിസി കാലവധിക്ക് ശേഷം രണ്ട് വർഷം കൂടി ഇൻഷ്വറൻസ് സംരക്ഷണവും അധികമായി ലഭിക്കും. പത്ത് മുതൽ 65 വയസ് വരെ പ്രായമുള്ളവർക്ക് പോളിസി ഉടമകളാകാം. വാർഷികം, അർദ്ധ വാർഷികം, പ്രതിമാസം എന്നിങ്ങനെ പ്രീമിയം അടയ്ക്കാം. മൂന്നു വർഷത്തിനുള്ളിൽ പോളിസി സറണ്ടർ ചെയ്യാനും അവസരമുണ്ട്.

നാണയപ്പെരുപ്പം ഉടൻ താഴുമെന്ന് റിസർവ് ബാങ്ക് ഗവർണർ

ബേസൽ: ഇന്ത്യയിലെ നാണയപ്പെരുപ്പം വരും മാസങ്ങളിൽ നിയന്ത്രണ വിധേയമാകുമെന്ന് റിസർവ് ബാങ്ക് ഗവർണർ ഡി. സുബ്ബറാവു പറഞ്ഞു. വിലക്കയറ്റം രൂക്ഷമാണെങ്കിലും ഇന്ത്യൻ സാമ്പത്തിക മേഖലയുടെ മത്സരക്ഷമതയെ ബാധിക്കുന്ന തരത്തിൽ പലിശ നിരക്ക് നീങ്ങുന്നില്ലെന്ന് റിസർവ് ബാങ്ക് ഉറപ്പു വരുത്തുമെന്ന് സുബ്ബറാവു കൂട്ടിച്ചേർത്തു. അതേസമയം ഭാവിയിൽ പലിശ വർധിക്കുമോയെന്ന ചോദ്യത്തിന് മറുപടി പറയാൻ അദ്ദേഹം തയ്യാറായില്ല. നാണയപ്പെരുപ്പം കുതിച്ചുയരുന്നതിന് വിപണിയിലെ പണലഭ്യത കുറച്ചും ധന അനുപാതം ഉയർത്തിയും തടയിടാനാണ് ശ്രമം.

ലോക വനിതാ ദിനത്തോടനുബന്ധിച്ച് സാമൂഹ്യപ്രവർത്തകരായ 9 വനിതകളെ മീരാറോഡിൽ 'ജയ് ഹോ ഉത്സവ് മണ്ഡലി'ന്റെ ആഭിമുഖ്യത്തിൽ ആദരിച്ചപ്പോൾ.

Sudoku-54

	8						7	4
	5		2	8	9		3	1
	3	6		4				
	7			5	1	4		8
	4			6			9	
2		8	7				5	
		5		9		3	4	
7		4		2	5			
3					8		6	5

Sudoku-53answer

1	2	9	5	6	8	7	3	4
6	5	4	3	7	2	1	9	8
3	8	7	1	9	4	2	6	5
9	4	8	6	3	1	5	7	2
2	1	6	7	8	5	9	4	3
5	7	3	4	2	9	6	8	1
8	6	2	9	5	3	4	1	7
7	3	1	2	4	6	8	5	9
4	9	5	8	1	7	3	2	6

ഇന്ന് ഇങ്ങനെ

1185 കുംഭം 26 | പൂരാടം 24 ന 02 വി ദശമി 18 ന 58 വി

രാഹുകാലം: 12.00–1.30 ഗുളികകാലം: 10.30–12.00 യമകണ്ടകാലം: 7.30–9.00

◆**അശ്വതി :** തൊഴിൽ ഔന്നത്യം. സാമ്പത്തിക ഇടപാട്. സന്താനത്തിന് ഗൃഹയോഗം. കലാരംഗത്ത് അംഗീകാരം. നിർമ്മാണ പ്രവർത്തനം.

◆**ഭരണി :** ധനവരവ്. അർഹതപ്പെട്ട അംഗീകാരം. മംഗല്യയോഗം. സ്വദേശയാത്ര. കർമ്മരംഗത്ത് നേട്ടം. ഗതാഗത വകുപ്പിൽ സ്ഥാനചലനം.

◆**കാർത്തിക :** ഏജൻസി ഇടപാടിൽ നേട്ടം. ഷെയർ രംഗത്തുള്ള നഷ്ടം നികത്തും. സിനിമാപ്രവർത്തനം ശക്തമാക്കും. ഔഷധസേവ.

◆**രോഹിണി :** സ്വകാര്യ സ്ഥാപനത്തിൽ ശമ്പളവർദ്ധന. ഫർണിച്ചർ ഇടപാടിൽ നേട്ടം. അന്യദേശ യാത്ര. വിതരണരംഗത്ത് ധനവരവ്.

◆**മകയിരം :** ഔദ്യോഗിക സ്ഥാനചലനം. കടബാദ്ധ്യത തീർക്കും. ഇൻഷ്വറൻസ് രംഗത്ത് നേട്ടം. പൊലീസിൽ നിയമതടസ്സം. ഭക്ഷണസൗഖ്യം.

◆**തിരുവാതിര :** റവന്യൂവകുപ്പിൽ പ്രൊമോഷൻ. സ്വകാര്യ ധനമിടപാടിൽ നേട്ടം. ധനകാര്യ സ്ഥാപനത്തിൽ നിന്ന് സ്ഥാനചലനം.

◆**പുണർതം :** തൊഴിൽതർക്ക പരിഹാരം. മാതാവിന് ഗൃഹയോഗം. അന്യദേശത്ത് തൊഴിൽസാദ്ധ്യത. ധനബാദ്ധ്യതയിൽനിന്ന് മുക്തി.

◆**പൂയം :** യാത്രാരേഖകൾക്കുള്ള കാലതാമസം മാറും. ടെലിവിഷൻ രംഗത്ത് നേട്ടം. മേലുദ്യോഗസ്ഥനുമായുള്ള തർക്കം മാറും.

◆**ആയില്യം :** സ്ഥിരവരുമാന മാർഗ്ഗം. സ്വകാര്യ സ്ഥാപനത്തിലെ തൊഴിൽ സംഘർഷം മാറും. പിതാവിന് ഔദ്യോഗിക മേന്മയും സ്ഥലമാറ്റവും.

◆**മകം :** തൊഴിൽസ്ഥലത്തുള്ള വിവാദം വർദ്ധിപ്പിക്കരുത്. അധികാരകേന്ദ്രത്തിലെ പിടി അയയുന്നതിന് സാദ്ധ്യത.

◆**പൂരം :** ഔദ്യോഗികമേന്മ. പുതിയ തൊഴിൽസ്ഥലം. ഡിസൈനിംഗ് രംഗത്ത് നേട്ടം. കച്ചവട സംരംഭം.

◆**ഉത്രം :** അന്യദേശത്ത് വ്യക്തിഗത നേട്ടം. കലാരംഗത്തുള്ള തർക്കം മാറും. സ്വകാര്യ വാഹനം സ്വന്തമാകും. ഹോട്ടൽരംഗത്ത് ധനവരവ്.

◆**അത്തം:** കലാരംഗത്ത് അംഗീകാരം. മാനസിക സമ്മർദ്ദത്തിൽ നിന്ന് കരകയറും. പ്രൊമോഷൻ. അന്യദേശത്ത് പുത്തൻ ഗൃഹയോഗം.

◆**ചിത്തിര :** ദൂരദേശത്ത് പുതിയ ജോലി. വസ്ത്ര വ്യാപാര വിതരണരംഗത്ത് നേട്ടം. വ്യവഹാര വിഷയത്തിൽ കുടുങ്ങാതെ നോക്കണം.

◆**ചോതി :** ചെറിയ ജോലിയിൽ നിന്ന് മാറ്റം. വിദേശത്ത് ശമ്പള വർദ്ധനയുള്ള ജോലി. കച്ചവട സ്ഥാപനതർക്കത്തിൽ അനുകൂലവിധി.

◆**വിശാഖം :** തൊഴിൽ തർക്ക പരിഹാരം. മാദ്ധ്യമരംഗത്ത് ശമ്പളവർദ്ധനവ്. പിതാവിന് ധനയോഗം.വ്യാപാരസ്ഥാപനത്തിന് മേന്മ.

◆**അനിഴം :** കർമ്മരംഗത്തുള്ള നീക്കം ഗുണകരം. പ്രൊമോഷന് സാദ്ധ്യത. വാഹനയോഗം. കടബാദ്ധ്യത തീർക്കുന്നതിന് അനുകൂലസമയം.

◆**തൃക്കേട്ട :** പുതിയ ജോലിക്ക് സാദ്ധ്യത. സന്താനത്തിന് മംഗല്യഭാഗ്യം. കട സ്വന്തമാക്കും. വാഹനയോഗം. യഥാർത്ഥ രേഖകൾ കരഗതമാകും.

◆**മൂലം :** തൊഴിൽസ്ഥലത്തുള്ള അലോസരം മാറും. പഴയ ബന്ധംദൃഢമാകും.

◆**പൂരാടം :** വാഹനമേന്മ. സന്താനത്തിന്റെ തൊഴിൽ കാര്യത്തിലുള്ള ആശങ്കമാറും. സഹകരണസ്ഥാപനത്തിൽനിന്ന് അനുകൂല മറുപടി.

◆**ഉത്രാടം :** കലാരംഗത്ത് നേട്ടം. കേന്ദ്രസർക്കാർ ജോലി മതിയാക്കുന്നതിന് സാദ്ധ്യത. താത്കാലിക വാസസ്ഥലത്തു നിന്ന് മാറ്റം.

◆**തിരുവോണം :** തൊഴിൽരംഗത്ത് തിരക്ക്. സഹോദരബന്ധത്തിൽ മാറ്റം. സൈനിക സേവനയോഗം.

◆**അവിട്ടം :** കൂട്ടുകെട്ടിൽ മാറ്റം. സംഘടനാതലത്തിൽ ഒറ്റപ്പെടാതെ നോക്കണം. ചികിത്സാസ്ഥാപനത്തിൽ തൊഴിൽഭാഗ്യം.

◆**ചതയം :** പൊതുരംഗത്ത് ശക്തമായ തിരിച്ചുവരവ്. മേലുദ്യോഗസ്ഥന്റെ അപ്രീതി മാറും. യാത്രാക്ളേശ പരിഹാരം. അവാർഡിന് യോഗം.

◆**പൂരുരുട്ടാതി :** വരുമാനത്തിൽ ഏറ്റക്കുറച്ചിൽ. മാതൃസൗഖ്യം. ഗൃഹദോഷം തീർക്കും. വാഹനവായ്പ. കുടിശ്ശിക തലവേദനയാകും.

◆**ഉതൃട്ടാതി :** തൊഴിൽസമയമാറ്റം. കലാരംഗത്ത് ചേരിതിരിവ്. പ്രണയവിവാഹയോഗം. പുതിയ ബന്ധത്തിൽ അപമാനം വരുത്തരുത്.

◆**രേവതി :** മേലുദ്യോഗസ്ഥന്റെ ശല്യം കുറയും. കലാരംഗത്ത് ഒറ്റപ്പെടും. സാമ്പത്തിക ബാദ്ധ്യത ക്ഷണിച്ചു വരുത്തരുത്.



കെ. കുമാരദാസ്
റിസർച്ച് സ്കോളർ
0471-2468059, 9847185329

ടെലിവിഷൻ

ഡിഡി കേരളം
07.00 ഫോക്ക്
7.45 കുക്കറി
8.00 നിങ്ങളിൽ ഒരാൾ
08.30 വാർത്തകൾക്കു പിന്നിൽ
9.00 ഗ്രാമകലാ സംഗമം
11.30 ഫിലിം ടൈം

ഡിഡി മലയാളം
3.02 അനുയാത്ര
3.50 ശ്യാമാംബരം
4.10 അഗ്നിശലഭം
5.05 ഗ്രീൻ കേരള
എക്സ്പ്രസ്
6.30 കാവ്യമേള
7.00 വാർത്തകൾ
8.00 വാർത്തകൾക്കു പിന്നിൽ
8.30 കഥപറയുംനേരം
9.00 അഭിമുഖം
9.35 നിഴൽ
10.00 കഥകളി
11.00 വാർത്തകൾക്കു പിന്നിൽ

ഏഷ്യാനെറ്റ് ന്യൂസ്
7.00 വാർത്തകൾ
07.30 കേട്ടതും കണ്ടതും
08.30 സഞ്ചാരം
9.30 അപ്രിയഗാനങ്ങൾ
11.30 സിറ്റി ടൈം
12.30 എഫ്.ഐ.ആർ
01.30 പെൺപർവം
03.30 സിൽവർ സ്ക്രീൻ
4.30 ലോകജാലകം
5.30 വിദേശവിചാരം
06.00 ന്യൂസ് ടൈം
6,30 കവർസ്റ്റോറി
07.00 ന്യൂസ് പ്ലസ്
07.30 ഇന്ത്യാഗേറ്റ്
8.30 സിറ്റി ടൈം
9.00 ന്യൂസ് ഹവർ
10.00 നേർക്കുനേർ
11.00 ഗ്ലോബൽ ഗ്രീറ്റിംഗ്സ്
11.30 ഗൾഫ് വാർത്തകൾ

ഏഷ്യാനെറ്റ് പ്ലസ്
6.30 ദേവസംഗീതം
7.30 കടമറ്റത്തു കത്തനാർ
8.00 ട്രാവൽലോഗ്
9.00 ടെലിഷോപ്പ്
9.30 ഇശൈ മഴൈ
10.30 ഞാൻ സ്ത്രീ
11.00 സിനിമ
2.00 ഹൃദയരാഗം
2.30 നൊമ്പരപ്പൂവ്
3.30 അടുക്കള
4.30 മിസ്റ്റ്
5.00 ഫ്രഷ് എൻലൈവ്
6.00 താരങ്ങളിൽ താരം
7.30 സിനിമ
10.30 ചിരിക്കുംതളിക
11.30 ഡി.എസ്.എഫ്
12.00 എ വാക്ക് വിത്ത് സുബൈദ

കൈരളി
7.00 കഥപറയുമ്പോൾ
08.30 ഗന്ധർവസംഗീതം സീനിയർ
10.00 സെലിബ്രിറ്റി കിച്ചൻ
10.30 സിനിമ
1.30 ഓർബിട്രക്ക്
02.30 ബ്രെയിൻ ഹണ്ട്
04.00 ഇരട്ടിമധുരം
5.30 കളിക്കുടുക്ക
06.30 വാർത്തകൾ
07.00 ഹലോ ഗുഡ് ഈവനിംഗ്
07.30 ഫ്ളേവേഴ്സ് ഓഫ് ഇന്ത്യ
08.00 ഗന്ധർവസംഗീതം സീനിയർ 09
09.05 മിമിക്സ് 2010
10.00 ഡയറക്ടേഴ്സ് സ്പെഷ്യൽ
11.30 ഈണം

പീപ്പിൾ
7.00 ന്യൂസ് @ 7
7.30 ആർട്ട് കഫേ
8.00 വർത്തമാനം
9.30 വേറിട്ട കാഴ്ചകൾ
10.30 ക്വസ്റ്റ്യൻ ടൈം
11.30 ഫ്ളാഷ് ബാക്ക്
1.00 വർത്തമാനം
1.30 ട്രാക്ക് ആൻഡ് ഫീൽഡ്
2.30 ഗൾഫ് ഫോക്കസ്
3.30 ബാവ ടി.എസ്.
4.30 കുമ്പസാരം
5.30 ആഴ്ചക്കാഴ്ച
6.00 കേരള വാർത്തകൾ
6.30 സിനി ടാക്ക്
7.30 ഇന്നത്തെ വാർത്ത
8.00 ന്യൂസ്
8.30 ആർട്ട് കഫേ
9.00 ന്യൂസ് ആൻഡ് വ്യൂസ്
10.00 ഹിറ്റുകളുടെ കഥ
11.30 ന്യൂസ് ടു നൈറ്റ്

സൂര്യ
7.00 രാമകഥാസാഗരം
7.30 വാർത്ത
8.00 ദേവഗീതങ്ങൾ
9.00 രസികരാജ
9.30 സുവർണഗീതങ്ങൾ
10.00 സിനിമ
12.30 സിന്ദൂരം
1.00 വാർത്ത
1.15 സിനിമ
4.00 ശ്രീഗുരുവായൂരപ്പൻ
4.30 മായക്കണ്ണൻ
5.30 ഓർമ്മയിലെന്നും
6.00 വാർത്ത
6.30 കഥപറയും കാവ്യാഞ്ജലി
7.00 മഴയറിയാതെ
7.30 നിലവിളക്ക്
8.00 മകളുടെ അമ്മ
8.30 തുലാഭാരം
9.30 ആദി പരാശക്തി
10.00 ഡീൽ ഓർ നോ ഡീൽ
11.00 സുവർണ ഗീതങ്ങൾ

കിരൺ
07.00 കിരൺ മോണിംഗ്സ്
08.00 ബ്രേക്ക്ഫാസ്റ്റ് കിരൺ
10.00 ലൗ ആൻഡ് ലോസ്റ്റ്
11.00 കിരൺക്ളാസിക്സ്
01.00 കിരൺ സെലക്ട്
02.00 ഡാൻസ് ഡാൻസ്
03.00 സൂപ്പർ ഹിറ്റ്സ്
04.00 ട്രെയ്‌ലർ ടൈം
05.00 തമിഴ് ഹിറ്റ്സ്
06.00 ഡാർലിംഗ് ഡാർലിംഗ്
07.00 നിങ്ങൾക്ക് അറിയാമോ?
7.30 സിനിമ
10.00 ചിരിക്കുടുക്ക
11.00 മേഘസന്ദേശം

മനോരമ ന്യൂസ്
07.00 പുലർവേള
8.30 നാട്ടുവാർത്ത
10.30 വനിത
1.30 നാട്ടുവാർത്ത
4.30 നാട്ടുവാർത്ത
5.30 തിരുവാ എതിർവാ
06.00 സന്ധ്യാ വാർത്ത
7.30 നിങ്ങൾ പറയൂ
08.30 സകലകല
09.00 കൗണ്ടർ പോയിന്റ്
9.30 പ്രൈം ടൈം
10.00 ടോപ്പ് റിപ്പോർട്ടർ
11.00 കുറ്റപത്രം

ജയ്ഹിന്ദ് ടിവി
07.00 ജയ്ഹിന്ദ് ന്യൂസ്
07.30 നമസ്തേ
8.30 അസംബ്ളി ലൈവ്
09.00 ന്യൂസ്
10.00 ഗോൾഡൻ ടാലെന്റ്
11.30 രണാങ്കണം
12.00 ഓൺ റോഡ്
1.30 മെഡി ടോക്ക്
2.30 ടെലിബ്രാൻഡ്സ്
3.30 യാത്ര
04.30 പ്രോപ്പർട്ടി ഷോ
5.30 രസഗുള
6.30 ജയ്ഹിന്ദ് പ്രൈം
07.00 വൊണ്ടേഴ്സ് @ 7
7.30 രണാങ്കണം
8.00 ഗോൾഡൻടാലന്റ്
8.30 ജയ് ഹനുമാൻ
09.00 ബിഗ് ന്യൂസ്
10.00 കാഴ്ചയ്ക്കപ്പുറം
10.30 ന്യൂസ്
11.30 രണാങ്കണം

ജീവൻ
07.30 ജീവൻ ന്യൂസ്
8.00 ഹൃദയഗീതങ്ങൾ
09.00 സെലിബ്രിറ്റി ചോയിസ്
09.35 ആഴ്ചവട്ടം
10.00 മലയാളം ന്യൂസ്
11.30 സിനി ഹിറ്റ്സ്
12.30 റിലാക്സ്
01.30 ചിരിമധുരം
02.35 ആയുർസൗഖ്യം
3.30 സ്റ്റീരിയോ
5.30 ഹരിതകേരളം
06.00 ചിരിമധുരം
06.30 കേരള വാർത്ത
08.30 റിലാക്സ്
09.00 വിദൂഷകൻ
10.00 ന്യൂസ്
10.30 ശുഭരാത്രി
11.30 ഗൾഫ്ന്യൂസ് വീക്ക്

എ.സി.വി
07.00 സ്പിരിച്ച്വൽ പ്രോഗ്രാം
7.30 ഹാർവെസ്റ്റ്
08.35 മോണിംഗ് ബെൽസ്
9.30 ഇശൈതെൻട്രൽ
10.00 നേർക്കാഴ്ച
12.30 ചലച്ചിത്ര ഗാനങ്ങൾ
01.45 സിനിമ
4.30 രുചിഭേദം
05.00 കിഡ്സ് ടൈം
06.00 ആത്മീയ പരിപാടി
7.30 ചലച്ചിത്ര ഗാനങ്ങൾ
8.00 ഗ്രാമഫോൺ
8.30 എന്റെ അച്ഛൻ
9.00 കോമഡി ഓൺ ലൈൻ
9.30 ന്യൂസ്
10.00 സിനിമ

വിക്ടേഴ്സ്
7.00 എസ്.എസ്.എൽ.സി ഒരുക്കം
7.30 താളവൈഖരി
8.00 ഡിഡബ്ളിയു ടൈം
9.00 പേൾസ് ഓഫ് അവർകൺട്രി
9.30 നൂറുമേനി
11.30 തൊഴിൽ വാർത്തകൾ
12.00 ഇന്നലെകളിലെ ഇന്ന്
2.30 ശാസ്ത്ര കൗതുകം
4.30 ഗാന്ധിദർശനം
6.35 മൗസ് ടിവി
7.30 കലോത്സവം
8.00 എസ്.എസ്.എൽ.സി ഒരുക്കം
10.10 നേർക്കാഴ്ച

DISCOVERY
6.00 Telebrands
7.00 Animal Camera
8.00 Wild Discovery
9.00 Jagaur Adventure
10.00 Fastest, Tallest, Biggest
12.30 Runway Moms
01.00 Best of Haunting
3.00 Discovery on demand
04.00 Wild Discovery
07.00 Wild Discovery
9.00 Jagaur Adventure

ANIMAL PLANET
7.00 Teleshopping
8.00 Primates
9.00 Crocodile hunter
10.00 Animal Planet Safari
12.00 Ultimate Killers
2.00 Animal Planet Safari
4.00 Born to be wild
5.00 Crocodile hundter
6.00 Primates
8.30 Wild and Dangerous
10.00 Animal Planet Safari

ഇന്ത്യാവിഷൻ
7.00 ഗുഡ്മോണിംഗ് കേരളം
7.30 മുഖാമുഖം
9.30 വാസ്തവം
10.30 കാലിഡോസ്കോപ്പ്
1.30 പോളിട്രിക്സ്
2.30 സ്ളോട്ട്
3.30 24 ഫ്രെയിംസ്
4.00 ഗുഡ് ഈവനിംഗ് കേരളം
6.00 കണക്ടിംഗ് കേരള
7.30 വോട്ട് എൻ ടാക്ക്
9.00 ന്യൂസ് നൈറ്റ്
10.00 ട്രയൽ
11.00 24 ഫ്രെയിംസ്

സിനിമ

ഏഷ്യാനെറ്റ്	:: 9.00 മേലേവാര്യത്തെ മാലാഖക്കുട്ടികൾ 1.00 അരയന്നങ്ങളുടെ വീട്
പ്ലസ്	:: 11.00 കൺഗ്രാജുലേഷൻസ് മിസ് അനിതാമേനോൻ രാത്രി 7.30 ഒരു യാത്രാമൊഴി
എ.സി.വി	:: 1.50 മദനോത്സവം രാത്രി 10.05 ജംബുലിംഗം
സൂര്യ	:: 10.00 നമ്മൾ 1.15 പട്ടാളം
കിരൺ	:: രാത്രി 7.30 അഗ്നിസാക്ഷി
കൈരളി	:: 10.30 കോരിത്തരിച്ചനാൾ
വി	:: രാത്രി 9.30 എഴുതാപ്പുറങ്ങൾ
അമൃത	:: 9.00 തനിയേ

സ്റ്റാർട്ട് ആക്ഷൻ

ചന്ദ്രമുഖിക്ക് രണ്ടാം ഭാഗം വരുന്നു

തമിഴ്നാട്ടിൽ രണ്ടു വർഷം തുടർച്ചയായി പ്രദർശിപ്പിച്ച് റെക്കാഡിട്ട 'ചന്ദ്രമുഖി' യുടെ രണ്ടാം ഭാഗം വരുന്നു. രണ്ടാം ഭാഗത്തിലും രജനീകാന്ത് തന്നെയാണ് നായകൻ. സമീറാ റെഡ്ഡിയെയാണ് നായികയായി പരിഗണിക്കുന്നത്. സംവിധാനം പി.വാസു.

കന്നട ചിത്രമായ ആപ്തരക്ഷകിന്റെ റീമേക്കായിട്ടായിരിക്കും തമിഴിൽ ചന്ദ്രമുഖിയുടെ രണ്ടാം ഭാഗം പിറക്കുന്നത്. കന്നട സൂപ്പർ താരം ഡോ.വിഷ്ണുവർദ്ധനൻ അവസാനം അഭിനയിച്ച ചിത്രമായിരുന്നു ആപ്ത രക്ഷക്. വിനീത്, ലക്ഷ്മി ഗോപാലസ്വാമി, വിമലാരാമൻ എന്നിവരായിരുന്നു ഈ ചിത്രത്തിൽ അഭിനയിച്ചത്.

മലയാളം ചിത്രം മണിച്ചിത്രത്താഴിന്റെ റീമേക്കായിരുന്നു ചന്ദ്രമുഖി. തുടർന്ന് ചന്ദ്രമുഖി കന്നടയിൽ ആപ്തമിത്രയായി. എല്ലാം മെഗാഹിറ്റുകൾ. പക്ഷേ രണ്ടാം ഭാഗം ആദ്യം പിറവിയെടുത്തത് കന്നടയിലായിരുന്നു. ഹിന്ദിയിൽ ഫൂൽ ഫൂലയ്യയായി മണിച്ചിത്രത്താഴ് അവതരിച്ചിരുന്നു.